APPENDIX H4

നമ്പർ: DDEKNR/7185/2025-A3

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കണ്ണൂർ, തീയതി : 26-11-2025
ഫോൺ നമ്പർ 0497-2705149
Email: ddeknr.dge@kerala.gov.in

## കാരണം കാണിക്കൽ നോട്ടീസ്

പട്ടുവം ഗവ.മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് ശ്രീമതി.രമ്യ.എം.വി യ്ക്ക് നൽകുന്ന കാരണം കാണിക്കൽ നോട്ടീസ്.

ശ്രീമതി.രമ്യ.എം.വി എന്ന താങ്കൾക്ക് വിദേശത്ത് ഭർത്താവിനൊപ്പം താമസിക്കുന്നതിനായി 31-07-2010 തീയ്യതിയിലെ GO(Rt) No.3396/2010/G.Edn പ്രകാരം 03-09-2010 മുതൽ 02-09-2015 വരെ ശൂന്യ വേതനാവധി അനുവദിച്ചിരുന്നു. പിന്നീട് 04-07-2015 തീയ്യതിയിലെ SC(1) 47383/2015/DPI നമ്പർ ഉത്തരവ്, 03-09-2020 തീയ്യതിയിലെ A2/7367/2020/DPI എന്നീ ഉത്തരവുകൾ പ്രകാരം 02-09-2025 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കുകയും ചെയ്തിരുന്നു. ശൂന്യവേതനാവധി കഴിഞ്ഞ് 03-09-2025 ന് ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ നാളിതുവരെയായി ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് പ്രധാനാധ്യാപിക ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ പ്രധാനാധ്യാപിക മുഖേന നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമായിട്ടില്ല എന്ന് പ്രധാനാധ്യാപിക റിപ്പോർട്ട് ചെയ്യുകയുണ്ടായി. നാളിതുവരെയായി താങ്കളിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് കാണുന്നു. ആയതിനാൽ KSR Part I, Appendix XIIA- Rule 9, 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11 ൽ VII പ്രകാരം താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു., താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകം മറുപടി സമർപ്പിക്കേണ്ടതാണ്. താങ്കളുടെ മറുപടി നിർദ്ദിഷ്ട തീയ്യതിക്കകം ലഭിക്കുന്നില്ലായെങ്കിൽ ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Signed by
Shaini D
Date: 26-11-2025 17:26:15
വിദ്യാഭ്യാസ ഉപഡയറക്ടർ
കണ്ണൂർ

സ്വീകർത്താവ്:

1. ശ്രീമതി.രമ്യ.എം.വി , എച്ച്.എസ്.ടി ഇംഗ്ലീഷ് (പ്രധാനാധ്യാപിക മുഖേന)
2. പ്രധാനാധ്യാപിക , പട്ടുവം ഗവ.മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ.